LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ആലപ്പുഴ	456
കോട്ടയം	306
ഇടുക്കി	983
എറണാകുളം	1413
തൃശ്ശൂർ	3717
പാലക്കാട്	863
മലപ്പുറം	832
കോഴിക്കോട്	721
വയനാട്	235
കണ്ണൂർ	165
കാസർഗോഡ്	656
ആകെ	14192

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

300 (2856) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ 2013-14 വർഷം എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് കോഴ്സ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്കായി 2014-15 വർഷം നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും നാളിതുവരെയുള്ള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ ;

(ഡി) 2014-15 വർഷം തിരുവനന്തപുരം ജില്ലയിൽ എത്ര തുക വിതരണം ചെയ്തു ; ശേഷിക്കുന്ന തുക എത്ര ;

(ഇ) ചിറയിൻകീഴ്, തിരുവനന്തപുരം താലൂക്കുകളിൽ ഓരോ കോഴ്സിനും മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് നൽകിയ തുക എത്രയെന്ന് കുട്ടികളുടെ പേരും സ്ഥാപനങ്ങളുടെ പേരും സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയനുസരിച്ച് താഴെപ്പറയും പ്രകാരം പ്രോത്സാഹന സമ്മാനം നൽകിവരുന്നു :

കോഴ്സ്	ഫസ്റ്റ് ക്ലാസ്	ഡിസ്റ്റിംഗ്ഷൻ
SSLC	1500	2500
+2, ടി.ടി.സി., ഡിപ്ലോമ	2500	5000
ഡിഗ്രി	3500	7500
പി.ജി., പ്രൊഫഷണൽ	5000	10,000

(ബി)

SSLC	+2	ഡിഗ്രി	പി.ജി.	ഡിപ്ലോമ
6415	3647	952	226	67
ആകെ	11307			

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്കായി 2014-15 വർഷം 2,78,50,000 രൂപ അനുവദിച്ചതിൽ 2,45,77,000 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

(ഡി) 2014-15 വർഷം തിരുവനന്തപുരം ജില്ലയിൽ 6,86,500 രൂപ വിതരണം ചെയ്തു. 13,13,500 രൂപ അവശേഷിക്കുന്നു.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി

301 (2857) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; എന്നുവരെ കുടിശ്ശികയായവർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത് ; ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എസ്.സി. വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇതിനായി ഈ സർക്കാർ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു ?

ഉത്തരം

(എ&ബി) 12-11-2009-ലെ സ.ഉ.(പി) നമ്പർ 100/09/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000 രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly